ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-3-2015-ലെ കത്ത് പ്രകാരം ടഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 3-6-2015-ൽ ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്. താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം

194 (539) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇൻകെലിനെ ഏൽപ്പിച്ച പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം ഇപ്പോൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടഷറി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ഉൾപ്പെടെയുള്ള ഏതാനും ടഷറി കെട്ടിടങ്ങളുടെ കെട്ടിട നിർമ്മാണം ഇൻകെൽ ഉപേക്ഷിച്ചിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ടഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

കിളിമാനൂർ സബ്ടഷറി

195 (540) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ സബ്ടഷറിയുടെ പ്രവർത്തനം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അനുവദിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷനിൽ ടഷറി പ്രവർത്തനത്തിനാവശ്യമായ ക്യാബിൻ സൗകര്യമുൾപ്പെടെ പൂർണ്ണ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുവാനായി 2014 ഫെബ്രുവരി 18-ന് താക്കോൽ സ്വീകരിച്ചിട്ടും പ്രവർത്തനം മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടഷറി പ്രവർത്തിപ്പിക്കുവാനാവശ്യമായ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ മിനി സിവിൽ സ്റ്റേഷനിൽ പൂർത്തിയാക്കുവാനുണ്ടായിരുന്നതു കൊണ്ടാണ് കിളിമാനൂർ സബ്ടഷറിയുടെ പ്രവർത്തനം ഇതുവരെ മാറ്റാതിരുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ടഷറി പ്രവർത്തിപ്പിക്കുവാനാവശ്യമായ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ കഴിഞ്ഞമാസം പൂർത്തിയാക്കി ടഷറി മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ഉത്തരവിനായി 4-6-2015-ൽ ടഷറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

കാരുണ്യ ലോട്ടറി

196 (541) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മേയ് 15 വരെയുള്ള നടത്തിപ്പിൽ സർക്കാരിന് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ് ; ഇതേ കാലയളവിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായത്തിന് ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് മൊത്തം എന്ത് തുക സഹായധനമായി നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2015 മേയ് 15-ന് എത്ര അപേക്ഷകർക്ക് സഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു ;

(സി) കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച വരുമാനത്തിൽ 2015 മേയ് 15-ന് ബാക്കി നിൽപ്പുണ്ടായിരുന്ന തുക എത്രയായിരുന്നു ;

(ഡി) നിലവിൽ എത്ര കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ പരിഗണനയിലിരിക്കുന്നു ;

(ഇ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മേയ് വരെ പദ്ധതി നടത്തിപ്പിൽ വിവിധ ഇനങ്ങളിലായി ചെലവായ മൊത്തം തുക എത്ര ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly